## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **709** 12.06.2013-ൽ മറുപടിക്ക്

## 'കോഴിക്കോട് മെഡിക്കൽ കോളേജിനുള്ള കേന്ദ്ര സഹായം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി ) |
| എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗവും ഓപ്പറേഷൻ തിയേറ്ററുകളും ഉൾപ്പെടുന്ന കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ എന്ത് തുകയാണ് അനുവദിച്ചത്;<br><br>ബി) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ) യും ബി)യും<br>കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗവും ഓപ്പറേഷൻ തിയേറ്ററുകളും ഉൾപ്പെടുന്ന കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് പി.എം.എസ്. എസ്.വൈ പദ്ധതി പ്രകാരം 125 കോടി രൂപയുടെ പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇതിൽ 100 കോടി രൂപ കേന്ദ്ര വിഹിതവും 25 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. |
| സി) തുക ചെലവഴിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | സി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതത്തിൽ നിന്ന് ഭരണാനുമതി ലഭിച്ച 8.8 കോടി രൂപ ഉപയോഗിച്ച് പഴയ ഹോസ്റ്റൽ മന്ദിരം മാറ്റി പുതിയത് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം പി.എം.എസ്. എസ്.വൈ. മാച്ചിംഗ് ഗ്രാന്റായ 10 കോടി രൂപയിൽ നിന്ന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ